**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6316** **10-11-2021 - ൽ മറുപടിയ്ക്ക്**

**ഐകോണിക് ടൂറിസ്റ്റ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിമാനത്താവളങ്ങളിൽ ടൂറിസം ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | (എ) | കേരളത്തിലെ എല്ലാ വിമാനത്താവളങ്ങളിലും നിലവിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്. വിമാനത്താവളങ്ങളിൽ വന്നിറങ്ങുന്ന സഞ്ചാരികൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്. വിമാനത്താവളങ്ങളിൽ ടൂറിസം ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നില്ല. |
| (ബി) | ഐകോണിക് ടൂറിസ്റ്റ് സെന്ററുകൾ കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുമെന്ന് വിദഗ്ധർ വിലയിരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഐകോണിക് ടൂറിസ്റ്റ് സെന്ററുകൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ടൂറിസ്റ്റ് സെന്ററുകൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 20 ഐക്കോണിക് ടൂറിസം സെന്ററുകളിൽ സമഗ്ര സൗകര്യങ്ങളോടെയുള്ള ടൂറിസം ഹബ്ബ് സ്ഥാപിക്കുവാനുള്ള നിർദ്ദേശം വകുപ്പിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ